# Malayala Manorama

## 28 August 2018

## Kolancherry, After Flood, Flood Relief, National Service Scheme

### കൈത്താങ്ങായി നാഷനൽ സർവീസ് സ്കീം

കോലഞ്ചേരി • ദുരിതബാധിതർക്കു കൈത്താങ്ങായി എൻഎസ്എസ്. ജില്ലയിലെ ഹയർ സെക്കൻഡറി നാഷനൽ സർവീസ് സ്കീം (എൻഎസ്എസ്) വൊളന്റിയർമാർക്കൊപ്പം കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്നുള്ള വൊളന്റിയർമാരും ചേർന്നാണു പറവൂർ മേഖലയിലെ വെള്ളം കയറിയ വീടുകൾ ശുചീകരിച്ചത്.

കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ, കോലഞ്ചേരി എന്നിവിടങ്ങളിൽ നിന്ന് ഏഴു ബസുകളിലാണ് അഞ്ഞൂറോളം വൊളന്റിയർമാർ പ്രോഗ്രാം ഓഫിസർമാരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ശുചീകരണത്തിൽ പങ്കെടുത്തത്.

പ്രളയക്കെടുതിയിൽ പെട്ടവർക്കു വരും ദിവസങ്ങളിൽ പഠനോപകരണങ്ങളും വസ്ത്രങ്ങളും ഭക്ഷണ സാധനങ്ങളും എത്തിച്ചു നൽകുമെന്നു ജില്ലാ കൺവീനർ പി.ഡി. സുഗതൻ പറഞ്ഞു. മണികണ്ഠൻചാൽ, കുഞ്ചിപ്പാറ, പന്തപ്ര ആദിവാസി കോളനികളിലെ 250 കുടിലുകളിൽ അരിയും പുതുവസ്ത്രങ്ങളും എൻഎസ്എസ് നൽകി.